

എ.വൈ.ആർ

സൂറ-20

# ത്വാഹാ

ആയത്ത് 19 മുതൽ 26 വരെ

മൂസാ നബിയുടെ പ്രബോധനം ഫറവോനിൽനിന്നു തുടങ്ങാൻ നിർദേശിച്ചതിലടങ്ങിയ ശ്രദ്ധേയമായ മറ്റൊരു കാര്യം ദൈവിക ദീൻ രാഷ്ട്രീയത്തിനു കൽപ്പിക്കുന്ന പ്രാധാന്യമാണ്. ദീൻ രാഷ്ട്രീയത്തിൽ നിന്നന്യമായിരുന്നുവെങ്കിൽ ജനങ്ങളിലേക്ക് മാത്രം ചെല്ലാനും ഫറവോനിൽ നിന്നകന്നു നിൽക്കാനുമായിരുന്നു മൂസാ നബി(അ) കൽപ്പിക്കപ്പെടുക.

قَالَ أَلْقِهَا يَـٰمُوسَىٰ ١٩

**19.** അല്ലാഹു കൽപ്പിച്ചു: മൂസാ, നീയതു താഴെയിടുക.

فَأَلْقَىٰهَا فَإِذَا هِىَ حَيَّةٌ تَسْعَىٰ ٢٠

**20.** മൂസാ താഴെയിട്ടതും ആ വടിയതാ ഒരു സർപ്പമായി ഇഴയുന്നു.

قَالَ خُذْهَا وَلَا تَخَفْ ۖ سَنُعِيدُهَا سِيرَتَهَا ٱلْأُولَىٰ ٢١

**21.** അല്ലാഹു കൽപ്പിച്ചു: പിടിക്കൂ, അതിനെ. പേടിക്കേണ്ട. നാം അതിനെ പൂർവസ്ഥിതിയിലേക്കു തന്നെ മടക്കുന്നുണ്ട്.

وَٱضْمُمْ يَدَكَ إِلَىٰ جَنَاحِكَ تَخْرُجْ بَيْضَآءَ مِنْ غَيْرِ سُوٓءٍ ءَايَةً أُخْرَىٰ ٢٢

**22.** നിന്റെ കരം കക്ഷത്തിൽ ചേർത്തുവെക്കുക. അതു തൂവെള്ളയായി പുറത്തുവരും-ദോഷമൊന്നുമില്ലാതെ, ഇതു മറ്റൊരു ദൃഷ്ടാന്തമാകുന്നു.

لِنُرِيَكَ مِنْ ءَايَـٰتِنَا ٱلْكُبْرَى ٢٣

**23.** നിന്നെ നമ്മുടെ മഹാ ദൃഷ്ടാന്തങ്ങൾ കാണിക്കേണ്ടതിനാണിത്.

ٱذْهَبْ إِلَىٰ فِرْعَوْنَ إِنَّهُۥ طَغَىٰ ٢٤

**24.** മൂസായോട് അല്ലാഹു കൽപ്പിച്ചു: പോവുക, ഫറവോനിലേക്ക്; അവൻ പരമധിക്കാരിയായിരിക്കുന്നു.

قَالَ رَبِّ ٱشْرَحْ لِى صَدْرِى ٢٥

**25.** മൂസാ പ്രാർഥിച്ചു: നാഥാ, എന്റെ മാറിടം വിശാലമാക്കിത്തരേണമേ,

وَيَسِّرْ لِىٓ أَمْرِى ٢٦

**26.** എന്റെ ദൗത്യം അനായാസകരമാക്കേണമേ

قَالَ = അവൻ പറഞ്ഞു (അല്ലാഹു കൽപ്പിച്ചു) أَلْقِهَا يَـٰمُوسَىٰ = അതു(താഴെ) ഇടുക, മൂസാ
فَأَلْقَىٰهَا = (മൂസാ) അതു താഴെയിട്ടു(ട്ടതും) فَإِذَا هِىَ = അത് (ആ വടി) അതാ حَيَّةٌ = ഒരു സർപ്പം(ആയി) تَسْعَىٰ = ഇഴയുന്നു
قَالَ = പറഞ്ഞു (അല്ലാഹു കൽപ്പിച്ചു) خُذْهَا = പിടിക്കൂ അതിനെ وَلَا تَخَفْ = നീ പേടിക്കേണ്ട
سَنُعِيدُهَا = നാം അതിനെ മടക്കും سِيرَتَهَا = അതിന്റെ ചര്യയിലേക്ക് (സ്ഥിതിയിലേക്ക്) ٱلْأُولَىٰ = ആദ്യത്തെ (പൂർവ)
وَٱضْمُمْ = നീ ചേർത്തു വെക്കുക يَدَكَ = നിന്റെ കൈ إِلَىٰ جَنَاحِكَ = നിന്റെ ചിറകിലേക്ക്, കക്ഷത്തിലേക്ക്

| |
|---|
| തَخْرُجْ = അതു പുറത്തുവരും بَيْضَآءَ = തൂവെള്ളയായി مِنْ غَيْرِ سُوٓءٍ = ദോഷം ഇല്ലാതെ ءَايَةً أُخْرَىٰ = മറ്റൊരു ദൃഷ്ടാന്തമായിട്ട് |
| لِنُرِيَكَ = (ആണിത്) നാം നിന്നെ കാണിക്കേണ്ടതിന് مِنْ ءَايَٰتِنَا ٱلْكُبْرَى = നമ്മുടെ മഹാദൃഷ്ടാന്തങ്ങൾ |
| ٱذْهَبْ = (മൂസായോട് അല്ലാഹു കൽപ്പിച്ചു) നീ പോവുക إِلَىٰ فِرْعَوْنَ = ഫറവോനിലേക്ക് |
| إِنَّهُۥ طَغَىٰ = തീർച്ചയായും അവൻ (പരമ)ധിക്കാരിയായിരിക്കുന്നു قَالَ = അവൻ പറഞ്ഞു (മൂസാ പ്രാർഥിച്ചു) |
| رَبِّ = എന്റെ നാഥാ ٱشْرَحْ = വിശാലമാക്കിത്തരേണമേ, തുറന്നു തരേണമേ لِى = എനിക്ക് |
| صَدْرِى = (ഹൃദയം) എന്റെ മാറിടം وَيَسِّرْ لِىٓ = എനിക്ക് എളുപ്പമാക്കേണമേ أَمْرِى = എന്റെ കാര്യം(ദൗത്യം) |

## 19–22

**അ**ല്ലാഹു നിർദേശിച്ചതനുസരിച്ച് മൂസാ(അ) വടി നിലത്തിട്ടതും അല്ലാഹുവിന്റെ വിധിയാൽ ഒരു ദിവ്യാത്ഭുതം ഉളവായി. തന്റെ വടിയതാ ഒരു സർപ്പമായി ഇഴഞ്ഞു നടക്കുന്നു. താൻ കൈയിൽ പിടിച്ചിരുന്ന, പാമ്പിനെ കൊല്ലാനുള്ള ആയുധമായിരുന്ന ആ വടി തന്നെ ഇതാ സ്വയം ഒരു പാമ്പായി ഇഴയുന്നു. അതു കണ്ടാൽ ആരും ഭയപ്പെടാതിരിക്കില്ല. മൂസാ നബിയും ഭയപ്പെട്ടു. അദ്ദേഹം വിരണ്ട് തിരിഞ്ഞു നോക്കാതെ പുറകോട്ടോടിക്കളഞ്ഞു- وَلَّىٰ مُدْبِرًا وَلَمْ يُعَقِّبْ എന്നാണ് 27:10- ൽ പറയുന്നത്. അല്ലാഹു അദ്ദേഹത്തെ സമാധാനിപ്പിച്ചു: ഭയപ്പെടേണ്ട. ധൈര്യമായി ചെന്ന് അതിനെ പിടിക്കുക. താങ്കൾ പിടികൂടുന്നതോടെ നാമതിനെ അതിന്റെ പൂർവസ്ഥിതിയിലേക്ക് മടക്കും. അതു പഴയ പോലെ താങ്കളുടെ കൈയിൽ ഒരു വടി മാത്രം ആയിത്തീരും.

ഇതോടൊപ്പം മറ്റൊരു ദിവ്യാത്ഭുതവും കൂടി അല്ലാഹു പ്രത്യക്ഷപ്പെടുത്തി. മൂസാ നബിയോട് കൈ കക്ഷത്തിൽ ചേർത്തുവെക്കാൻ നിർദേശിച്ചു. കക്ഷത്തിൽ നിന്ന് പുറത്തെടുത്തപ്പോൾ ആ കൈക്ക് തൂവെള്ള നിറം! ഇത് വെള്ളപ്പാണ്ഡ് പോലുള്ള രോഗം വന്നതൊന്നുമല്ല. مِنْ غَيْرِ سُوٓءٍ എന്നതിന്റെ ആശയമതാണ്. കൈക്ക് ഒരു ഭംഗവും പറ്റിയിരുന്നില്ല. കാഴ്ചക്കാർക്ക് അപ്പോൾ അത് തൂവെള്ള നിറം പൂണ്ടതായി അനുഭവപ്പെട്ടുവെന്നു മാത്രം. فَإِذَا هِىَ بَيْضَآءُ لِلنَّٰظِرِينَ-കാഴ്ചക്കാർക്ക് അതു വെള്ളം നിറം പൂണ്ടതായിത്തീർന്നു എന്നാണ് 7:108-ൽ പറഞ്ഞിട്ടുള്ളത്. മൂസാ നബി കൈ പുറത്തെടുത്തപ്പോൾ അത് പാണ്ഡു ബാധിച്ച വെളുത്തതായി പുറത്തുവന്നു എന്ന ബൈബിൾ പ്രസ്താവനയെ നിഷേധിക്കുന്നതു കൂടിയാണ് بَيْضَآءُ لِلنَّٰظِرِينَ - مِنْ غَيْرِ سُوٓءٍ-എന്നീ ഖുർആൻ വാക്കുകൾ. ءَايَةً أُخْرَىٰ -മറ്റൊരു ദൃഷ്ടാന്തമാകുന്നു എന്ന വാക്കും അതു സ്ഥിരമായി നിൽക്കുന്ന രോഗമോ പീഡയോ ആയിരുന്നില്ല, ഒരു ദിവ്യാത്ഭുതം മാത്രമായിരുന്നു എന്നു സൂചിപ്പിക്കുന്നുണ്ട്.

## 23

**ഈ** കൊച്ചു സൂക്തം മുൻ സൂക്തങ്ങളിൽ പറഞ്ഞ രണ്ട് അത്ഭുത പ്രകടനങ്ങളുമായി ബന്ധപ്പെട്ടതാണ്. മൂസാ നബിക്ക് ഗംഭീരമായ അനേകം ദൃഷ്ടാന്തങ്ങൾ കാണിക്കേണ്ടതുണ്ട്. അതിന്റെ തുടക്കമാണിപ്പോൾ പ്രത്യക്ഷപ്പെട്ട രണ്ട് അത്ഭുതങ്ങൾ. അദ്ദേഹത്തിന് പല തരം പരീക്ഷണങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കേണ്ടി വരും. അതൊക്കെ തരണം ചെയ്യാൻ അല്ലാഹുവിന്റെ ശക്തിപ്രഭാവം ജനങ്ങൾക്ക് കാട്ടിക്കൊടുക്കേണ്ടതുണ്ട്. ഫറവോനികളുടെ മുന്നിൽ മൂസാ നബി പ്രത്യക്ഷപ്പെടുത്തിയ നിരവധി ദിവ്യാത്ഭുതങ്ങൾ ബൈബിളും ഖുർആനും വിസ്തരിച്ചിരിക്കുന്നു.

അല്ലാഹു പ്രവാചക വര്യന്മാരിലൂടെ ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടുത്താറുള്ളത്, അവരുടെ പ്രബോധിതർ അത് ശക്തിയായി ആവശ്യപ്പെടുമ്പോഴാണ്. യഥാർഥത്തിൽ അത്ഭുത പ്രകടനം ഒരു പ്രബോധന മാധ്യമമല്ല. സത്യപ്രബോധനം മനപ്പൂർവം തള്ളിക്കളഞ്ഞു കൊണ്ട് പ്രവാചകൻ ദിവ്യാത്ഭുതം പ്രത്യക്ഷപ്പെടുത്താത്തതിനെ അതിനു ന്യായീകരണമായി ഉന്നയിക്കുമ്പോൾ അവരോടുള്ള ന്യായം പൂർത്തിയാക്കാൻ വേണ്ടിയാണ് ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടാറുള്ളത്. മൂസാ നബി പ്രവാചകനായി നിയുക്തനാകുമ്പോൾ തന്നെ അല്ലാഹു അദ്ദേഹത്തിന് രണ്ട് ദിവ്യാത്ഭുതങ്ങൾ നൽകിയിരിക്കുകയാണ്. അദ്ദേഹത്തിന് പ്രഥമമായും പ്രധാനമായും പ്രബോധനം ചെയ്യാനുണ്ടായിരുന്നത് സ്വേഛാധിപതിയും നിഷ്ഠുര മർദകനുമായ ഈജിപ്ഷ്യൻ രാജാവിനെയാണ്. അദ്ദേഹമാകട്ടെ അന്നാട്ടിലെ അടിമ വംശത്തിൽ പിറന്ന ഒരാളും. കൂടാതെ ഒരു കൊലക്കുറ്റത്തിന്റെ പേരിൽ അദ്ദേഹത്തിന് അവിടെ വധശിക്ഷ വിധിക്കപ്പെട്ടിരുന്നു. വർഷങ്ങൾക്കു മുമ്പ് ആ വിധിയിൽ നിന്ന് ഒളിച്ചോടിയ പ്രതിയാണദ്ദേഹം. ഇങ്ങനെയുള്ള ഒരാൾ ഫറവോനെ താക്കീതു ചെയ്യുന്നതു പോകട്ടെ അയാളുടെ നാട്ടിൽ കാലുകുത്താൻ തന്നെ

ധൈര്യപ്പെടുകയില്ല. ഇനി ധൈര്യപ്പെട്ടാൽ തന്നെ ഫറവോൻ അദ്ദേഹത്തിന്റെ വാക്കിനു പുല്ലുവില പോലും കൽപ്പിക്കുകയുമില്ല. ഈ സാഹചര്യത്തിൽ അല്ലാഹുവിന്റെ അത്ഭുതകരവും അജയ്യവുമായ ശക്തിയെക്കുറിച്ചും അത് ഏതു പ്രതിസന്ധിയിലും തന്നോടൊപ്പം ഉണ്ടായിരിക്കുമെന്നുമുള്ള ബോധ്യം മൂസാ നബിയുടെ മനസ്സിൽ അനുഭവവേദ്യമായി ഊട്ടിയുറപ്പിക്കേണ്ടതുണ്ടായിരുന്നു. സ്വന്തം ദൗത്യത്തിൽ അദ്ദേഹത്തിന് ആത്മവിശ്വാസവും ധൈര്യവും പകരാൻ അതാവശ്യമായിരുന്നു. മറുവശത്ത് മൂസായെപ്പോലൊരാൾ പ്രവാചകത്വം വാദിച്ച് ഫറവോനെയും അദ്ദേഹത്തിന്റെ ജനതയെയും സമീപിക്കുമ്പോൾ അവർ ശ്രദ്ധിക്കണമെങ്കിൽ ഭയപ്പെടുത്തുകയോ അത്ഭുതപ്പെടുത്തുകയോ ചെയ്യുന്ന ഒരു മഹാപ്രതിഭാസം പ്രത്യക്ഷപ്പെടേണ്ടതുണ്ട്. ഇല്ലെങ്കിൽ അവർ സംസാരിക്കാൻ തുടങ്ങുമ്പോൾ തന്നെ ആട്ടിപ്പായിക്കുകയായിരിക്കും ഫലം. ഫറവോനികളുടെ ശ്രദ്ധയാകർഷിക്കാനും വെല്ലുവിളികളെ നേരിടാനും പര്യാപ്തമായ ദിവ്യാത്ഭുതമാകുന്ന ആയുധമണിയിച്ചു കൊണ്ടാണ് ആദ്യമേ അല്ലാഹു തന്റെ ദൂതനെ അയക്കുന്നത്. തുടർന്നുള്ള സൂക്തങ്ങളിൽ നിന്ന് വ്യക്തമാകുന്നതു പ്രകാരം ഫറവോന്റെ മുമ്പിലെത്തിയ ഉടനെ തന്നെ അദ്ദേഹത്തിന് ഈ ആയുധം പ്രയോഗിക്കേണ്ടിവരികയും ചെയ്തു.

## 24

**13**-ാം സൂക്തത്തിലെ 'ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു, ആകയാൽ ദിവ്യബോധനം ലഭിക്കുന്നത് സശ്രദ്ധം കേട്ടുകൊള്ളുക' എന്ന പ്രസ്താവന മൂസാ(അ)യെ പ്രവാചകനായി നിയോഗിച്ചുകൊണ്ടുള്ള പ്രഖ്യാപനവും കൂടിയായിരുന്നു. നിയുക്ത പ്രവാചകൻ ആദ്യമായി പ്രബോധനം തുടങ്ങേണ്ടത് എവിടെ നിന്നാണെന്ന് നിർദേശിക്കുകയാണീ സൂക്തം. ആരുടെ വധവിധി പേടിച്ചാണോ മൂസാ ഈജിപ്ത് വിട്ടത്, അതേ ഫറവോന്റെ മുന്നിലേക്കു തന്നെ ആദ്യം കടന്നു ചെല്ലണമെന്നാണ് അല്ലാഹു കൽപ്പിക്കുന്നത്. 'അവൻ പരമ ധിക്കാരിയായിരിക്കുന്നു' എന്ന വാക്യം അയാളെത്തന്നെ ആദ്യം സമീപിക്കുന്നതിനുള്ള ന്യായമാണ്.

ഫറവോന്റെ ധിക്കാരം-طغيان-നേരത്തെ പലയിടത്തും പരാമർശിച്ചിട്ടുണ്ട്. സൂറഃ *അൽഅഅ്റാഫിൽ* അത് വിസ്തരിച്ചു തന്നെ പറഞ്ഞിരിക്കുന്നു. ദൈവം താൻ തന്നെ എന്നവകാശപ്പെട്ടിരുന്ന സ്വേഛാധിപതിയായിരുന്നു അയാൾ. أَنَا۠ رَبُّكُمُ ٱلْأَعْلَىٰ ഞാനാണ് നിങ്ങളുടെ അത്യുന്നത വിധാതാവ് എന്നും അതിനു ന്യായമെന്നോണം أَلَيْسَ لِى مُلْكُ مِصْرَ وَهَـٰذِهِ ٱلْأَنْهَـٰرُ تَجْرِى مِن تَحْتِىٓ (ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലയോ, ഈ നദികളെല്ലാമൊഴുകുന്നത് എന്റെ കീഴിലല്ലയോ?) എന്നും അയാൾ വീമ്പിളക്കിയിരുന്നതായി ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. താൻ പറയുന്നതായിരുന്നു അയാൾക്ക് സത്യം. താനിഷ്ടപ്പെടുന്നതായിരുന്നു ധർമം, താൻ കൽപ്പിക്കുന്നതായിരുന്നു നീതി. തന്നെ ചോദ്യം ചെയ്യുന്ന ആരെയും പൊറുപ്പിക്കാൻ ഫറവോൻ തയാറായിരുന്നില്ല. എന്നാൽ പ്രപഞ്ചസ്രഷ്ടാവായ സാക്ഷാൽ ദൈവം താനാണെന്നായിരുന്നില്ല ഫറവോന്റെ വാദം. സൂര്യനായിരുന്നു ഈജിപ്തുകാരുടെ മഹാദേവത. സൂര്യന്റെ പ്രതീകവും പ്രതിപുരുഷനുമായിട്ടാണ് ഫറവോൻ പരിഗണിക്കപ്പെട്ടിരുന്നത്. ഫറവോന്റെ പ്രതിമകൾ നാട്ടിന്റെ നാനാഭാഗത്തും ദൈവപ്രതിഷ്ഠകളെന്നോണം സ്ഥാപിച്ചു പൂജിക്കപ്പെട്ടിരുന്നു. ഫറവോന്റെ അതിക്രൂരമായ അതിക്രമങ്ങൾക്ക് ഉദാഹരണമായി ഖുർആൻ ചൂണ്ടിക്കാണിക്കുന്നു:

إِنَّ فِرْعَوْنَ عَلَا فِى ٱلْأَرْضِ وَجَعَلَ أَهْلَهَا شِيَعًا يَسْتَضْعِفُ طَآئِفَةً مِّنْهُمْ
يُذَبِّحُ أَبْنَآءَهُمْ وَيَسْتَحْىِۦ نِسَآءَهُمْ ۚ إِنَّهُۥ كَانَ مِنَ ٱلْمُفْسِدِينَ ﴿٤﴾

(ഫറവോൻ നാട്ടിൽ ഉദ്ധതനായി വാണു. നാട്ടുകാരെ വിവിധ കക്ഷികളായി വിഭജിച്ചു. അതിലൊരു കക്ഷിയെ അടിച്ചമർത്തി നിന്ദിക്കുകയും അവരിലെ പുരുഷ സന്തതികളെ കൊന്നുകളയുകയും സ്ത്രീകളെ മാത്രം ജീവിക്കാനനുവദിക്കുകയും ചെയ്തു. അവൻ മഹാനാശകാരി തന്നെയായിരുന്നു-28:4). ഈ നിഷ്ഠുരനായ അധികാര പ്രമത്തനെ പ്രബോധനം ചെയ്യാനാണ്, അയാൾ അടിച്ചമർത്തി അടിമകളാക്കിയ സമുദായത്തിലെ അംഗവും അയാളുടെ ശിക്ഷാവിധിക്കു വിധേയനുമായ മൂസാ(അ)യെ അല്ലാഹു നിയോഗിക്കുന്നത്. ഇസ്‌ലാമിക പ്രബോധനം സംബന്ധിച്ച് സുപ്രധാനമായ ചില ആശയങ്ങൾ പ്രകാശിപ്പിക്കുന്നുണ്ടീ നിയോഗം. 1) ആരെയും അലോസരപ്പെടുത്താതെ, പ്രത്യേകിച്ചും അധാർമികമായ അധികാര ശക്തികൾക്കു നേരെ കണ്ണടച്ചുകൊണ്ട് കുറെ സത്യങ്ങൾ ആളുകളോടു പറയുകയല്ല ഇസ്‌ലാമിക പ്രബോധനം. അസത്യത്തോടെന്നപോല അക്രമത്തോടും അധർമത്തോടുമുള്ള സമരമാണത്. അക്രമവും അധർമവും രാഷ്ട്രീയ രംഗത്താണെങ്കിൽ അതിനെത്തന്നെയാണ് ആദ്യം വെല്ലുവിളിക്കേണ്ടത്. അധാർമികമായ അധികാര കേന്ദ്രമുള്ള സമുദായങ്ങളിൽ നിയുക്തരാകുന്ന പ്രവാചകന്മാർ ചെയ്യാറുള്ളതും അതാണ്. ഇബ്റാഹീം(അ) ആദ്യം തന്റെ നാട്ടിലെ പുരോഹിതനായ സ്വന്തം പിതാവിനെയും രാജാവായ നംറോദിനെയും അഭിമുഖീകരിച്ചതായി കാണാം. വ്യവസ്ഥാപിതമായ ഭരണകൂടങ്ങളില്ലാത്ത സാഹചര്യങ്ങളിൽ പ്രവാചകന്മാർ തുടങ്ങിയിരുന്നത് സമുദായ നേതാക്കളിൽനിന്നും ഗോത്രത്തലവന്മാരിൽനിന്നുമായിരുന്നു. അവരാണല്ലോ ജനാഭിപ്രായം രൂപപ്പെടുത്തുന്നതും അവരെ നയിക്കുന്നതും. ഈ വരേണ്യവർഗത്തെ പരിവർത്തിപ്പിക്കാനായാൽ മൊത്തം സമൂഹത്തിന്റെ പരിവർത്തനം അനായാസകരമായിത്തീരും. അതുകൊണ്ടാണ് മൂസാ നബിയോട് സ്വന്തം സമുദായത്തെ സംസ്കരിക്കാനാവശ്യപ്പെടുന്നതിനു മുമ്പ് ഫറവോനെ സംസ്കരിക്കാനാവശ്യപ്പെടുന്നത്. സ്വന്തം സമുദായത്തിന്റെ സംസ്കരണവും അവരുടെ ദുരവസ്ഥയിൽ നിന്നുള്ള മോചനവും അദ്ദേഹം അവഗ

ണിച്ചതുകൊണ്ടല്ല. ഈ ലക്ഷ്യങ്ങളിലേക്കുള്ള മാർഗവും കൂടിയാണ് അധികാര മണ്ഡലത്തിലെ പരിവർത്തനം. അധികാര വർഗത്തെ അതിന്റെ അസത്യജഡിലവും അധാർമികവുമായ സ്വഭാവത്തിൽ നിലനിർത്തിക്കൊണ്ട് പ്രജകളെ സംസ്കരിക്കുക വളരെ ശ്രമകരമാണ്. അധികാരികളും വരേണ്യവർഗവും അല്ലെങ്കിൽ ഭൂരിപക്ഷം ആളുകളും എതിർക്കുന്ന കാര്യം എത്ര വിശിഷ്ടമായിരുന്നാലും അനുകരണശീലരായ സാമാന്യജനം ഉൾക്കൊള്ളാനും അംഗീകരിക്കാനും തയാറാവുകയില്ല. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ വല്ലവരും പ്രവാചകനെ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ ആദർശം സ്വീകരിക്കുകയും ചെയ്യുന്നുവെങ്കിൽ അവർ അതിന്റെ യാഥാർഥ്യവും യുക്തിയും ന്യായവുമൊക്കെ ശരിക്കും ഉൾക്കൊണ്ട മൂല്യബോധമുള്ളവർ തന്നെയായിരിക്കും എന്നൊരു മെച്ചവുമുണ്ട്. അനുകരണഭ്രമമോ കേവല വൈകാരികതയോ അല്ല അവരെ നയിക്കുക, പ്രത്യുത ബുദ്ധിപരമായ ഉൾക്കാഴ്ചയും ആദർശ ധീരതയുമാണ്. ഇത്തരം ആളുകളുടെ പ്രാതിനിധ്യമില്ലാത്ത പരിവർത്തനങ്ങൾ സാമൂഹിക ഘടനയുടെ അന്തരാളങ്ങളെ സ്പർശിക്കുകയില്ല. ആ വിപ്ലവങ്ങൾ ഉപരിപ്ലവവും ക്ഷണഭംഗുരവുമായിരിക്കും. ഈയടിസ്ഥാനത്തിലും ഇസ്ലാമിക പ്രബോധനം ആദ്യം സംബോധന ചെയ്യേണ്ടത് അധികാരി വർഗത്തെയാണ്. ഒരു നിലക്ക് അവരുടെ അനുകൂലാവസ്ഥ പ്രബോധനത്തിന് സഹായകമാകുമ്പോൾ മറ്റൊരു നിലയിൽ പ്രതികൂലാവസ്ഥയും സഹായകമാകുന്നു.

മൂസാ നബിയുടെ പ്രബോധനം ഫറവോനിൽനിന്നു തുടങ്ങാൻ നിർദേശിച്ചതിലടങ്ങിയ ശ്രദ്ധേയമായ മറ്റൊരു കാര്യം ദൈവിക ദീൻ രാഷ്ട്രീയത്തിനു കൽപ്പിക്കുന്ന പ്രാധാന്യമാണ്. ദീൻ രാഷ്ട്രീയത്തിൽ നിന്നന്യമായിരുന്നുവെങ്കിൽ ജനങ്ങളിലേക്ക് മാത്രം ചെല്ലാനും ഫറവോനിൽ നിന്നകന്നു നിൽക്കാനുമായിരുന്നു മൂസാ നബി(അ) കൽപ്പിക്കപ്പെടുക. പ്രവാചകന്മാരുടെ പ്രഥമവും പ്രധാനവുമായ സന്ദേശം ദൈവത്തിന്റെ ഏകത്വത്തിലും പരലോകത്തിലുമുള്ള വിശ്വാസവും ബഹുദൈവത്വത്തിന്റെ നിഷേധവുമാണ്. ഇവിടെ മൂസാ നബിയോട് അല്ലാഹു പറയുന്നത് ഫറവോൻ ബഹുദൈവാരാധകനായതു കൊണ്ടോ പരലോക നിഷേധിയായതുകൊണ്ടോ പ്രബോധനം ചെയ്യണമെന്നല്ല; പ്രത്യുത അവൻ അക്രമിയും ധിക്കാരിയും-طاغي ആയതുകൊണ്ട് പ്രബോധനം ചെയ്യണമെന്നാണ്. ബഹുദൈവ വിശ്വാസത്തിന്റെയും പരലോക നിഷേധത്തിന്റെയും ഫലമാണ് അക്രമവും ധിക്കാരവും-طغيان. അല്ലെങ്കിൽ طغيان-ന്റെ ഫലമാണ് സത്യധർമങ്ങളുടെ നിഷേധം. സൂറഃ അന്നാസിആത്ത് 17-19 സൂക്തങ്ങളിലും കൽപ്പിക്കുന്നതിങ്ങനെയാണ്:

ٱذْهَبْ إِلَىٰ فِرْعَوْنَ إِنَّهُۥ طَغَىٰ ﴿١٧﴾ فَقُلْ هَل لَّكَ إِلَىٰٓ أَن تَزَكَّىٰ ﴿١٨﴾ وَأَهْدِيَكَ إِلَىٰ رَبِّكَ فَتَخْشَىٰ ﴿١٩﴾

(പോവുക, ഫറവോനിലേക്ക്, അവൻ പരമ ധിക്കാരിയായിരിക്കുന്നു. എന്നിട്ട് അവനോട് പറയുക: നീ ജീവിതം സംസ്കരിക്കാൻ സന്നദ്ധനാണോ, ഞാൻ നിന്നെ വിധാതാവിങ്കലേക്ക് മാർഗദർശനം ചെയ്യാം. അങ്ങനെ നിനക്ക് ദൈവഭയമുള്ളവനാകാം). മനുഷ്യനെ طغيان ആകുന്ന മാലിന്യത്തിൽ നിന്നു ശുദ്ധീകരിക്കാനുള്ള ഏക മാർഗമാണ് തൗഹീദിലും ആഖിറത്തിലുമുള്ള വിശ്വാസം. طغيان-ന് എതിരെയുള്ള സമരമാണ് ഇസ്ലാമിക പ്രബോധനം. അതുകൊണ്ട് ഫറവോനെ പ്രബോധനം ചെയ്യുന്നതിന്റെ ന്യായമായി അവന്റെ ധർമധിക്കാരം ചൂണ്ടിക്കാണിക്കുകയാണ്. പ്രബോധനം വഴി സ്ഥാപിതമാകുന്ന ഈമാനിന്റെ ഫലമായി അസത്യത്തിന്റെയും അക്രമത്തിന്റെയും ശക്തികൾ-طاغوت -തകരേണ്ടതുണ്ടെന്നും ഇതു സൂചിപ്പിക്കുന്നു.

## 25,26

**താ**ൻ പ്രവാചകനായി നിയുക്തനായിരിക്കുന്നു എന്ന അറിയിപ്പും ഫറവോന്റെ അടുത്തുചെന്ന് പ്രബോധനം തുടങ്ങണമെന്ന അറിയിപ്പും മൂസാ നബി കേട്ടത് വലിയ പരിഭ്രമത്തോടെയാണ്. സൂറഃ അശ്ശുഅറാഅ് 12-14 സൂക്തങ്ങൾ അദ്ദേഹം അല്ലാഹുവിനോട് ഇങ്ങനെ ബോധിപ്പിച്ചതായി പറയുന്നു: നാഥാ, ഫറവോനികൾ എന്നെ വ്യാജനായി മുദ്രയടിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അതോർത്ത് എന്റെ മനസ്സ് ഞെരുങ്ങുകയാണ്. ഞാനാണെങ്കിൽ തീരെ വാചാലനുമല്ല. ആകയാൽ ഈ ദൗത്യം ഹാറൂനിനെ ഏൽപ്പിക്കണേ. ഫറവോനികളാണെങ്കിൽ എന്റെ പേരിൽ കുറ്റം ചുമത്തിയിട്ടുമുണ്ട്. അതിന്റെ പേരിൽ അവരെന്നെ കൊന്നുകളയുമെന്നാണെന്റെ പേടി. അങ്ങനെ സംഭവിക്കില്ലെന്നും ഞാൻ കൂടെയുണ്ടെന്നും ധൈര്യത്തോടെ ഫറവോന്റെ അടുത്തേക്കു പോകണമെന്നുമായിരുന്നു അല്ലാഹുവിന്റെ മറുപടി. ആ സന്ദർഭത്തിൽ മൂസാ(അ)തന്റെ ദൗത്യനിർവഹണം സുഗമമാക്കണമെന്നപേക്ഷിച്ചുകൊണ്ട് നടത്തിയ ഹൃദയസ്പൃക്കായ പ്രാർഥനയാണ് ഇനി ഏതാനും സൂക്തങ്ങൾ.

മനഃസങ്കോചം, മനഃക്ലേശം എന്ന അർഥത്തിലുപയോഗിക്കുന്ന ضيق الصدر ന്റെ വിപരീതമാണ് شرح الصدر. ഭാഷാർഥത്തിൽ, തുറക്കുകയും വിടർത്തുകയുമാണ് شرح. ഗഹനമായ പ്രമാണങ്ങളുടെയും ഗ്രന്ഥങ്ങളുടെയും ആശയങ്ങൾ വിശദീകരിക്കുന്നതിന് شرح എന്നു പറയുന്നു. ഉദാ: شرح العقائد (വിശ്വാസ പ്രമാണ വിശദീകരണം), شرح السنة (നബിചര്യയുടെ വിശദീകരണം). അർഥങ്ങളും ആശയങ്ങളും ഉൾക്കൊള്ളാൻ മനസ്സിനെ പാകപ്പെടുത്തുകയാണ് شرح الصدر. നീ ഏൽപ്പിച്ച ഉത്തരവാദിത്വം ഏറ്റെടുക്കാൻ എന്റെ മനസ്സിനെ പാകപ്പെടുത്തേണമേ, വിശാലമാക്കേണമേ എന്നാണ് മൂസാ(അ) ആദ്യം അപേക്ഷിക്കുന്നത്. തുടർന്ന് ഈ ദൗത്യം അനായാസകരമായി നിർവഹിക്കാൻ ഉതവിയരുളേണമെന്നപേക്ഷിക്കുന്നു. തരണം ചെയ്യാനാവാത്ത പ്രതിബന്ധങ്ങളിൽ നിന്നും താങ്ങാനാവാത്ത പീഡനങ്ങളിൽനിന്നും രക്ഷയരുളണമെന്നും അപേക്ഷിക്കുന്നു. ■